# TNSET 2024

**Module Name : Malayalam**
**Exam Date : 06-Mar-2025    Batch : 14:00-17:00**

| Sr. No. | Malayalam |
|---|---|
| | PAPER II |

1

ശരിയായ ഉത്തരം തിരഞ്ഞെടുക്കുക
'അധികേരളമ ഗ്ര്യഗിര : കവയഃ കവയന്തു വയന്തു ന താൻ വിനുമഃ പുളകോദ്ഗമകാരി വചഃ പ്രസാദം പുനമേവ പുനഃ പുനരാസ്ത്മഹേ'
എന്ന് പുനം നമ്പൂതിരിയെ പുകഴ്ത്തിയതാര്?

A : ഉദ്ദണ്ഡശാസ്ത്രികൾ

B : മേൽപ്പത്തൂർ നാരായണഭട്ടതിരി

C : കാക്കശ്ശേരി ഭട്ടതിരി

D : മാനവിക്രമ സാമൂതിരി

2

ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (i) | പാന | (a) | മണിപ്രവാളം |
| (ii) | പിംഗള | (b) | പാട്ട് |
| (iii) | എതുക | (c) | അർണ്ണോസ് പാതിരി |
| (iv) | അനന്തപുരവർണ്ണന | (d) | ഉള്ളൂർ |

A : (i) - (c), (ii) - (b), (iii) - (d), (iv) - (a)

B : (i) - (d), (ii) - (c), (iii) - (b), (iv) - (a)

C : (i) - (c), (ii) - (d), (iii) - (b), (iv) - (a)

D : (i) - (a), (ii) - (d), (iii) - (b), (iv) - (c)

3

ചുരന്തതെളി മലർ ചൊരിന്തപുരികുഴെൽ എന്നതിന് തത്തുല്യമായ ഉണ്ണിയച്ചീചരിതത്തിലെ ഭാഗമേത് ?

A : ഇടത്തു പാടു ചേടിമാർ വലത്തു വാടു പൂതമായ്

B : അരയിലെരിഞ്ഞരുണിത വിദ്രുമമുടഞ്ഞാൺ

C : താരാ പതിദലഞ്ചേർന്ന ചാരുകോടീരഭാസുര

D : തെളികൊണ്ട താരിതളിലൊളികൊണ്ട വണ്ടിനങ്ങ

4

ഓരോ കവിയേയും പുഷ്പത്തോട് ഉപമിച്ച് 'കവിപുഷ്പമാല' എന്ന പേരിൽ കവിതയെഴുതിയ കവികൾ ആരെല്ലാം ?
a. വെണ്മണി
b. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ
c. കാത്തുള്ളി അച്യുതമേനോൻ
d. നടുവം മഹൻ

A : a യും d യും

B : b യും c യും

C : a യും c യും

D : c യും d യും

5 ശരിയായ ഉത്തരം തിരഞ്ഞെടുക്കുക
"കവിത എഴുതിക്കൂട്ടുവിൻ കൂട്ടുകാരേ"
എന്ന ആഹ്വാനം ആരുടേത് ?

A : എ.ആർ. രാജാരാജവർമ്മ

B : കേരളവർമ്മ വലിയകോയിത്തമ്പുരാൻ

C : കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

D : ആയില്യം തിരുനാൾ രാമവർമ്മ

6 താൻ മേഖ സന്ദേശ തർജ്ജമ ആരംഭിച്ചതിനുള്ള കാരണങ്ങളായി എ.ആർ. പറയുന്നവ ഏതൊക്കെ ?
(i) ഭാഷയ്ക്കും സംസ്കൃതത്തിനുമുള്ള വാചകരീതികളുടെ താരതമ്യ പരിശോധനയ്ക്ക്
(ii) കാവ്യ വിവർത്തനത്തിൽ മാത്രമാണ് ദ്വിതീയാക്ഷര പ്രാസത്തിന് പ്രസക്തിയുള്ളതെന്നു തെളിയിക്കാൻ
(iii) ഗ്രിഫിത്ത് സായിപ്പിന്റെ ഇംഗ്ലീഷ് മേഘ സന്ദേശതർജ്ജമ വായിച്ച പ്രചോദനത്താൽ
(iv) കാളിദാസ കൃതികൾ മുഴുവൻ തർജ്ജമചെയ്യണമെന്ന ലക്ഷ്യത്തിന്റെ പ്രാരംഭമായി

A : (i) ഉം (ii) ഉം ശരി

B : (ii) ഉം (iii) ഉം ശരി

C : (i) ഉം (iii) ഉം ശരി

D : (i) ഉം (ii) ഉം (iii) ഉം ശരി

7 ശാസനഭാഷ തമിഴാണെന്ന് പറഞ്ഞവർ ?

A : ലോഗനും ഗുണ്ടർട്ടും

B : ഗുണ്ടർട്ടും കാൽഡ്വലും

C : ലോഗനും കാൽഡ്വലും

D : ജോർജ് മാത്തനും ഗുണ്ടർട്ടും

8 വിഷയത്തിലും ഭാഷയിലും ദ്രാവിഡ പാരമ്പര്യം പുലർത്തിയ കൃതി ഏത് ?

A : ഉണ്ണുനിലിസന്ദേശം

B : തിരുനിഴൽമാല

C : ഉണ്ണിയച്ചീ ചരിതം

D : ചന്ദ്രോത്സവം

9 കൈകൊട്ടിക്കളിപ്പാട്ടുകളുടെ രചയിതാവാര് ?

A : കുഞ്ചൻ നമ്പ്യാർ

B : മച്ചാട്ടിഇയത്

C : രാമൻ നമ്പ്യാർ

D : ലളിതാംബികാന്തർജ്ജനം

10 തമിഴ് മണി എന്നതിലെ 'തമിഴ്' എന്നത് എന്തിനെ സൂചിപ്പിക്കുന്നു ?

A : ചോള ഭാഷ

B : കേരള ഭാഷ

C : മണിപ്രവാള ഭാഷ

D : പാട്ടു ഭാഷ

11 ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (i) | വിക്ക് | (a) | ഡി. വിനയചന്ദ്രൻ |
| (ii) | അഞ്ചിതൾ വിനായകം | (b) | കെ.ജി. ശങ്കരപിള്ള |
| (iii) | യാത്രാമൊഴി | (c) | സച്ചിദാനന്ദൻ |
| (iv) | ഫോട്ടോ | (d) | ബാലചന്ദ്രൻ ചുള്ളിക്കാട് |

A : 4 3 2 1

B : 3 1 4 2

C : 4 2 3 1

D : 1 4 3 2

12

| | | | |
|---|---|---|---|
| (i) | നാലപ്പാട്ട് നാരായണമേനോൻ | (a) | രാജയോഗിനി |
| (ii) | പി. കുഞ്ഞിരാമൻ നായർ | (b) | ചക്രവാളം |
| (iii) | വി.ഉണ്ണികൃഷ്ണൻ നായർ | (c) | ചിന്താതരംഗണി |
| (iv) | കെ.എം. പണിക്കർ | (d) | നിശാഗാനം |

A : (i) - (b), (ii) - (d), (iii) - (a), (iv) - (c)

B : (i) - (b), (ii) - (c), (iii) - (a), (iv) - (d)

C : (i) - (a), (ii) - (b), (iii) - (c), (iv) - (d)

D : (i) - (c), (ii) - (a), (iii) - (d), (iv) - (b)

13 അതിസങ്കടമാണു നീതിതൻ ഗതി, കഷ്ടം പരതന്ത്രർ മന്നവർ
- ഏത് കാവ്യത്തിലെ വരികൾ ?

A : കരുണ

B : ലീല

C : വീണപൂവ്

D : ചിന്താവിഷ്ടയായ സീത

14 പെൺകുട്ടി ഒരു രാഷ്ട്രമാണ് എന്ന കവിതയുടെ രചയിതാവാര് ?

A : എ.സി. ശ്രീഹരി

B : അൻവർ അലി

C : രൂപേഷ് പോൾ

D : ആശാലത

15 ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (i) | ഒരു കുരുവി ഒരു മരം | (a) | ലളിതാലെനിൻ |
| (ii) | കിളിവാതിൽ | (b) | വള്ളത്തോൾ |
| (iii) | കിളിക്കൊഞ്ചൽ | (c) | നെല്ലിക്കൽ മുരളീധരൻ |
| (iv) | കരിങ്കിളി | (d) | എൻ.ജി. ഉണ്ണികൃഷ്ണൻ |

A : (i) - (c), (ii) - (a), (iii) - (b), (iv) - (d)

B : (i) - (d), (ii) - (c), (iii) - (b), (iv) - (a)

C : (i) - (b), (ii) - (d), (iii) - (a), (iv) - (c)

D : (i) - (a), (ii) - (b), (iii) - (c), (iv) - (d)

16 ഇടപ്പള്ളി രാഘവൻപിള്ളയെ ആത്മഘാതിയായ കവി എന്ന് വിശേഷിപ്പിച്ചതാര് ?

A : കെ.പി. അപ്പൻ

B : കെ. ഭാസ്ക്കരൻ നായർ

C : എൻ. വി. കൃഷ്ണവാര്യർ

D : കുട്ടികൃഷ്ണമാരാര്

17 "ചിന്താവിഷ്ടയായ സീതയെ വിമർശിക്കുമ്പോൾ തമസാതീരവാസിയായ വാൽമീകി മഹർഷിക്കും കേരളിയനായ കുമാരനാശാനും തമ്മിലുള്ള അദേദ്യമായ ആത്മീയബന്ധം കാണാം"
എന്ന് പറഞ്ഞ നിരൂപകനാര് ?

A : കുട്ടികൃഷ്ണമാരാർ

B : ജോസഫ് മുണ്ടശ്ശേരി

C : സുകുമാർ അഴിക്കോട്ട്

D : എം.പി. പോൾ

18 സുഗതകുമാരിയെ മലയാളത്തിലെ ഗോപികാഗീതമെന്ന് വിശേഷിപ്പിച്ചതാര് ?

A : കൽപ്പറ്റ നാരായണൻ

B : കൽപ്പറ്റ ബാലകൃഷ്ണൻ

C : കെ.പി. അപ്പൻ

D : വി.രാജകൃഷ്ണൻ

19 ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.
എന്നെ കവിയെന്നു വിളിക്കരുത്. കാരണം ഞാൻ വിതയ്ക്കുന്നത് പാപത്തിന്റെ വിത്തുകളത്രേ ഈ ആമുഖ വാക്യങ്ങളോടെ ആരംഭിക്കുന്ന ചങ്ങമ്പുഴയുടെ കവിതാസമാഹാരമേത് ?

A : യവനിക

B : സ്വരരാഗസുധ

C : പാടുന്നപിശാച്

D : ബാഷ്പാഞ്ജലി

20 ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.
'വിമാനത്താവളത്തിൽ ഒരു കവി' എന്ന കവിതയെഴുതിയതാര് ?

A : ഒളപ്പമണ്ണ

B : പി.ബി. ഹൃഷീകേശൻ

C : ആറ്റൂർ രവിവർമ്മ

D : എം.എൻ. പാലൂർ

21 ഒ.വി. വിജയന്റെ നോവലുകളെ രചനാപരമായ കാലത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തുക.
1. ഗുരുസാഗരം
2. മധുരം ഗായതി
3. തലമുറകൾ
4. ഖസാക്കിന്റെ ഇതിഹാസം

A : 4 2 3 1

B : 4 1 2 3

C : 3 2 1 4

D : 1 3 2 4

22 കാര്യവും കാരണവും പരിശോധിക്കുക
കാര്യം : സർദാർ കെ.എം. പണിക്കരുടെ കേരള സിംഹത്തിനോ അപ്പൻ തമ്പുരാന്റെ ഭൂതരായർക്കോ സി. വിയുടെ ചരിത്രാഖ്യായികകളുടെ സമശീർഷത അവകാശപ്പെടാൻ കഴിയുന്നില്ല.
കാരണം : സി.വി. യുടെ രചനാമാതൃകയെ അതേപടി പിൻതുടരുകയാണ് തുടർന്നുവന്ന ചരിത്രാഖ്യായികകൾ ചെയ്തത്.

A : കാര്യം ശരി കാരണവും ശരി, കാരണം കാര്യത്തിന്റെ ശരിയായ വിശദീകരണമാണ്

B : കാര്യവും ശരി കാരണവും ശരി, കാരണം കാര്യത്തിന്റെ ശരിയായ വിശദീകരണമല്ല

C : കാര്യം തെറ്റ് കാരണം ശരി

D : കാര്യം ശരി കാരണം തെറ്റ്

23

| | |
|---|---|
| | ചേരുംപടി ചേർക്കുക<br>**കഥാകൃത്ത്** — **കഥ**<br>(i) സന്തോഷ് ഏച്ചിക്കാനം — (a) ഉമ്പർട്ടോ എക്കോ<br>(ii) ബി. മുരളി — (b) വാർത്താ ശരീരം<br>(iii) എം. മുകുന്ദൻ — (c) നിസ്സാരോപദേശകഥകൾ<br>(iv) ടി. ശ്രീവത്സൻ — (d) ദൽഹി 1981<br>ശരിയായ ഗണം<br>A : (i) - (c), (ii) - (d), (iii) - (a), (iv) - (b)<br>B : (i) - (d), (ii) - (c), (iii) - (b), (iv) - (a)<br>C : (i) - (b), (ii) - (a), (iii) - (d), (iv) - (c)<br>D : (i) - (a), (ii) - (b), (iii) - (c), (iv) - (d) |
| 24 | 1974 ലെ കഥയ്ക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം നിരസിച്ച കഥാകൃത്ത് ?<br>A : ടി പത്മനാഭൻ<br>B : മാധവിക്കുട്ടി<br>C : പട്ടത്തുവിള കരുണാകരൻ<br>D : ബഷീർ |
| 25 | ജോൺ എബ്രഹാമിന്റെ 'ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ' എന്ന സിനിമയ്ക്ക് ആധാരമായ കഥയേത് ?<br>A : കോട്ടയത്ത് എത്ര മത്തായിമാരുണ്ട്<br>B : ചെറിയാച്ചന്റെ പ്രഭാതങ്ങൾ<br>C : ചെറിയാച്ചന്റെ വരൾച്ചയിലെ കാര്യങ്ങൾ<br>D : ചെറിയാച്ചനും ഞാനും |
| 26 | സർവനാശത്തിന്റെ സങ്കല്പനരക (Dystopian) ദൃശ്യങ്ങളോടെയാണ് ആലാഹയുടെ പെൺമക്കൾ അവസാനിക്കുന്നതെന്ന് നിരൂപിച്ചതാർ ?<br>A : വി.സി. ശ്രീജൻ<br>B : പി.കെ. രാജശേഖരൻ<br>C : പി.ഗീത<br>D : ഇ.വി. രാമകൃഷ്ണൻ |
| 27 | നാല് ഭാഗങ്ങളിലായി പ്രസിദ്ധീകരിച്ച മലയാളത്തിലെ ബൃഹദ് നോവലേത് ?<br>A : കയർ<br>B : യക്ഷി<br>C : അവകാശികൾ<br>D : മാർത്താണ്ഡവർമ്മ |

| | |
|---|---|
| 28 | വിരുതൻ ശങ്കു എന്ന നോവലിന്റെ രചയിതാവാര് ?<br><br>A: പള്ളത്തുരാമൻ<br><br>B: കാരാട്ട് അച്ചുതമേനോൻ<br><br>C: കെ. നാരാണകുരുക്കൾ<br><br>D: അമ്പാടി നാരായണപ്പൊതുവാൾ |
| 29 | പ്രണയവൈറസ്' ആരുടെ കഥ ?<br><br>A: ഇന്ദുമേനോൻ<br><br>B: സിതാര എസ്<br><br>C: മാധവിക്കുട്ടി<br><br>D: ഉണ്ണി ആർ |
| 30 | താഴെ പറയുന്ന കഥകൾ ആരുടേത് ?<br>1. രജനീരംഗം<br>2. പോംവഴി<br>3. അഭയാർഥി<br>4. വിഷുക്കേട്ട<br><br>A: ലളിതാംബികാന്തർജ്ജനം<br><br>B: ആനന്ദ്<br><br>C: എം.പി.ഭട്ടതിരിപ്പാട്<br><br>D: വി.ടി. ഭട്ടതിരിപ്പാട് |
| 31 | ശരിയുത്തരം തെരഞ്ഞെടുക്കുക<br>ദാവിദ് വിജയം ആട്ടക്കഥ രചിച്ചതാര് ?<br><br>A: സർദാർ കെ.എം. പണിക്കർ<br><br>B: മുലൂർ പദ്മനാഭപണിക്കർ<br><br>C: കണ്ടത്തിൽ വർഗീസ് മാപ്പിള<br><br>D: കട്ടക്കയം ചെറിയാൻ മാപ്പിള |
| 32 | കാര്യവും കാരണവും പരിശോധിക്കുക<br>കാര്യം : കലാത്മകലക്ഷ്യത്തിനുപരിയായി, ഏകാധിപതികളായ ഭരണധികാരികളുടെ താത്പര്യത്തിനുസരിച്ചായിരുന്നു അരീന തീയേറ്ററുകളിലെ അവതരണം<br>കാരണം : റോമിൽ പ്രാചീനകാലത്ത് മല്ലയുദ്ധം നടത്താനും രാജകീയ പ്രദർശനങ്ങൾ നടത്താനും സജ്ജമാക്കിയിരുന്ന പ്രദർശനവേദികളായിരുന്നു അരീന തീയേറ്ററുകൾ.<br><br>A: കാര്യവും കാരണവും തെറ്റാണ്<br><br>B: കാര്യം ശരിയും കാരണം തെറ്റുമാണ്<br><br>C: കാര്യം തെറ്റും കാരണം ശരിയുമാണ് |

D : കാര്യവും കാരണവും ശരിയാണ്

33 ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (i) | പച്ച | (a) | അസുരൻ |
| (ii) | കത്തി | (b) | സംന്യാസി |
| (iii) | താടി | (c) | രാക്ഷസി |
| (iv) | കരി | (d) | ധീരൻ |
| (v) | മിനുക്ക് | (e) | കാട്ടാളൻ |

A : (i) - (a), (ii) - (c), (iii) - (e), (iv) - (d), (v) - (b)

B : (i) - (a), (ii) - (d), (iii) - (e), (iv) - (c), (v) - (b)

C : (i) - (d), (ii) - (a), (iii) - (c), (iv) - (e), (v) - (b)

D : (i) - (b), (ii) - (e), (iii) - (d), (iv) - (c), (v) - (a)

34 മൃദംഗത്തിന്റെ ഇരട്ടിനീളവും നടുവണ്ണം കൂടുതലും ഇരുതലയും വണ്ണക്കുറവുള്ള വാദ്യം ഏത് ?

A : പടഹം

B : മിഴാവ്

C : ചെണ്ട

D : വീക്കുചെണ്ട

35 ശരിയായ ഉത്തരം തെരഞ്ഞെടുക്കുക
യാത്രാകാവ്യമായ തുള്ളൽ കൃതി ഏത് ?

A : സഭാപ്രവേശം

B : കല്യാണസൌഗന്ധികം

C : കാശിയാത്രാചരിതം

D : ധർമ്മരാജാവിന്റെ രാമേശ്വരയാത്രയാണ്

36 ഒരു പ്രതിരൂപത്തെ മാറ്റി മറ്റൊരു പ്രതിരൂപം നേരിട്ട് സ്ക്രീനിലെത്തുന്ന രീതി ?

A : ഐറിസ്

B : വൈപ്പ്

C : ഡിസ്സോൾവ്

D : സ്ട്രെയിറ്റ് കട്ട്

37 രചനാകാലമനുസരിച്ച് താഴെപ്പറയുന്ന കൃതികളുടെ ഗണം ക്രമീകരിക്കുക.
1. നിവാതകവച കാലകേയവധം
2. ബകവധം
3. കിർമ്മീരവധം
4. കല്യാണസൌഗന്ധികം

A : 1, 4, 3, 2

B : 2, 4, 3, 1

C : 1, 3, 2, 1

D : 4, 3, 2, 1

38 സാമ്രാജ്യത്വ സംസ്കാരത്തിന്റെ ഭാഗമായി വളർന്നുവന്ന സ്ത്രീ വിദ്യാഭ്യാസം, സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനത്തെക്കുറിച്ചുള്ള പുതിയ ബോധം തുടങ്ങിയവ പരമ്പരാഗത നമ്പൂതിരി സമുദായത്തിലുളവാക്കിയ വൈരുദ്ധ്യങ്ങൾ പ്രമേയമായി വരുന്ന പ്രേംജിയുടെ നാടകമേത് ?

A : ഋതുമതി

B : സാവിത്രി

C : മാക്കുടയ്ക്കുള്ളിലെ മഹാനരകം

D : അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്

39 ക്ഷോണീ രൂപതിയുടെ വാണീംനിശമ്യ' - എന്നു തുടങ്ങുന്ന ദണ്ഡകം ഏത് ആട്ടക്കഥയിലാണ് ?

A : ദുര്യോധനവധം

B : ബകവധം

C : കിർമ്മീരവധം

D : കീചകവധം

40 കഥകളിയിലെ അഭിനയ രീതി ഏത് കലാരൂപത്തിൽ നിന്ന് സ്വീകരിച്ചതാണ് ?

A : മോഹിനിയാട്ടം

B : ചാക്യാർ കൂത്ത്

C : കൂത്തും കൂടിയാട്ടവും

D : കൃഷ്ണനാട്ടം

41 ശരിയായ ഉത്തരം തെരഞ്ഞെടുക്കുക
ഏല്യാസ് ലോൺറോട്ട് ഏതു രാജ്യക്കാരനായ ഫോക്‌ലോറിസ്റ്റാണ് ?

A : ഇംഗ്ലണ്ട്

B : അമേരിക്ക

C : ഫിൻലണ്ട്

D : ജർമ്മനി

42 അനുഷ്ഠാനത്തെ ക്രമപ്പെടുത്തുക
1. വെള്ളാട്ടം
2. കരിയടിക്കൽ
3. തെയ്യാട്ടം
4. കെട്യാകാല

A : 4 1 3 4

B : 2 1 3 4

C : 4 2 1 3

D : 3 2 1 4

43

എഴുത്തുകാരും കൃതികളും ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (i) | ജോണി ഒ.കെ. | (a) | ഉത്തരകേരളത്തിലെ വിശുദ്ധ വനങ്ങൾ |
| (ii) | ഉണ്ണിക്കൃഷ്ണൻ ഇ | (b) | ഭൂതകാലവും മുൻവിധികളും |
| (iii) | റൊമില ഥാപ്പർ | (c) | ഫോക്‌ലോർ വഴിയും പൊരുളും |
| (iv) | സന്തോഷ് എച്ച്.കെ. | (d) | വയനാട് രേഖകൾ |

A : (i) - (a), (ii) - (b), (iii) - (c), (iv) - (d)

B : (i) - (d), (ii) - (a), (iii) - (b), (iv) - (c)

C : (i) - (c), (ii) - (d), (iii) - (a), (iv) - (b)

D : (i) - (b), (ii) - (c), (iii) - (d), (iv) - (a)

44

"പഴഞ്ചൊല്ലിൽ പതിരുണ്ടെങ്കിൽ പശുവിൻ പാലും കയ്ക്കും" എന്ന പഴഞ്ചൊല്ല് അതിന്റെ ഏതു സ്വഭാവത്തെയാണ് വെളിപ്പെടുത്തുന്നത് ?

A : ജനപ്രിയത

B : അയഞ്ഞ ഘടന

C : അസ്വാഭാവികത

D : ദൃഢഘടന

45

കാര്യവും കാരണവും പരിശോധിക്കുക.
(A) കാക്കാലന്മാർ അഭിനയിക്കുന്നതോ അവരെഴുതിയുണ്ടാക്കിയതോ ആയ നാടകമല്ല കാക്കാരിശ്ശി നാടകം.
(R) നാടകത്തിലും നാടൻ കലയിലും താല്പര്യമുള്ള മറ്റു ജനങ്ങളാണ് നാട്ടിൻ പുറങ്ങളിൽ കാക്കാരിശ്ശി നാടകം അരങ്ങേറുന്നത്.

A : (A) തെറ്റ് (R) തെറ്റ്

B : (A) ശരി (R) ശരി

C : (A) ശരി (R) തെറ്റ്

D : (A) തെറ്റ് (R) ശരി

46

ശരിയായ ഉത്തരം തെരഞ്ഞെടുക്കുക
പഴഞ്ചൊല്ലുകളുടെ പഠനത്തിൽ ശ്രദ്ധിച്ച ഫോക്‌ലോറിസ്റ്റാർ ?
1. മരിയ ലീച്ച്
2. റിച്ചാർഡ് എം. ഡോർസൻ
3. ആൻഡ്രു ലാങ്ങ്
4. ഗുമ്മറെ

A : 1

B : 3

C : 2

D : 4

47 ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (i) | സോളാർ പദ്ധതി | (a) | സി.ഡബ്ല്യൂ. വോൺസിഡോ |
| (ii) | വ്യാപന സിദ്ധാന്തം | (b) | ജേക്കബ് ഗ്രിം |
| (iii) | ഫിനിഷ് പദ്ധതി | (c) | തിയോഡർ ബെൻഫെ |
| (iv) | ഇക്കോ-ഫോക് ലോർ | (d) | ജൂലിയസ് ക്രോഹ്ൺ |

A : (i) - (b), (ii) - (c), (iii) - (d), (iv) - (a)

B : (i) - (c), (ii) - (a), (iii) - (b), (iv) - (d)

C : (i) - (d), (ii) - (c), (iii) - (b), (iv) - (a)

D : (i) - (d), (ii) - (a), (iii) - (b), (iv) - (c)

48 ശാസ്ത്രീയമായി നാടോടിക്കഥകളെ വർഗ്ഗീകരിച്ചതാര് ?

A : റിച്ചാർഡ് എം. ഡോർസൻ

B : ജൂലിയസ് ക്രോൺ

C : അലൻ ഡൻഡിസ്

D : സ്റ്റിത്ത്തോംസൺ

49 ശരിയായ ഉത്തരം തെരഞ്ഞെടുക്കുക
പ്രിമിറ്റീവ് സോങ്ങ് എന്ന ഗ്രന്ഥത്തിന്റെ കർത്താവാര് ?

A : സി.എം. ബൌറ

B : പർസി മകഃീൻ

C : ഡെസ്മങ്ങ് മോറിസ്

D : ഹെർമൻ ബോസിങ്ങർ

50 നാടോടി ഗീതങ്ങളുടെ സവിശേഷതയല്ലാത്തവ
1. അജ്ഞാതകർത്തൃകം
2. വരമൊഴിയിലൂടെ വ്യാപനം
3. വസ്തുനിഷ്ഠത
4. സ്വത: സ്ഫുരണം

A : 1 2 4

B : 1 2 3

C : 3 4

D : 2 3

51 കാര്യവും കാരണവും പരിശോധിക്കുക
കാര്യം : ആദ്യകാല മലയാള ചെറുകഥകളിൽ നിന്ന് നവോത്ഥാന കാലകഥകളിലേക്കുള്ള വളർച്ചയിൽ എം.പി.പോളിന്റെ ഖണ്ഡകഥാ പ്രസ്ഥാനം വഹിച്ച പങ്ക് വളരെ വലുതാണ്.
കാരണം : ചെറു കഥകളിലെ സാമൂഹിക സങ്കല്പത്തെ സംബന്ധിച്ച മികച്ച പരികല്പനകളാണ് എം.പി. പോൾ അവതരിപ്പിച്ചത്.

A : കാര്യം ശരി കാരണം ശരി

B : കാര്യം തെറ്റ്, കാരണം ശരി

C : കാര്യം തെറ്റ്, കാരണം തെറ്റ്

D : കാര്യം ശരി, കാരണം തെറ്റ്

52 താഴെ പറയുന്നവയിൽ പരിസ്ഥിതി സൌന്ദര്യ ശാസ്ത്രതത്വങ്ങൾപ്രത്യക്ഷമായി കടന്നുവരാത്ത കൃതി ഏതാണ് ?

A : കുറ്റിപ്പുറം പാലം

B : എൻമകജെ

C : വിഷകന്യക

D : നൃത്തം

53 ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (i) | സി.അന്തപ്പായി | (a) | പ്രസ്ഥാനപഞ്ചകം |
| (ii) | മൂർക്കോത്ത് കുമാരൻ | (b) | പ്രസംഗതരംഗിണി |
| (iii) | അപ്പൻതമ്പുരാൻ | (c) | മിതവാദി |
| (iv) | സാഹിത്യപഞ്ചാനനൻ | (d) | നാലുപേരിലൊരുത്തൻ |

A : (i) - (c), (ii) - (a), (iii) - (d), (iv) - (b)

B : (i) - (a), (ii) - (c), (iii) - (b), (iv) - (d)

C : (i) - (b), (ii) - (d), (iii) - (a), (iv) - (c)

D : (i) - (d), (ii) - (b), (iii) - (c), (iv) - (a)

54 ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (i) | ഭാഷാ ചരിത്രം | (a) | ഉള്ളൂർ എസ്. പരമേശ്വരൻ നായർ |
| (ii) | കേരള സാഹിത്യ ചരിത്രം | (b) | ആറ്റൂർ കൃഷ്ണപിഷാരടി |
| (iii) | കേരള ഭാഷാ സാഹിത്യ ചരിത്രം | (c) | പി. ഗോവിന്ദപ്പിള്ള |
| (iv) | ഭാഷാ സാഹിത്യ ചരിത്രം | (d) | ആർ. നാരായണപ്പണിക്കർ |

A : (i) - (d), (ii) - (c), (iii) - (b), (iv) - (a)

B : (i) - (c), (ii) - (d), (iii) - (b), (iv) - (a)

C : (i) - (b), (ii) - (a), (iii) - (b), (iv) - (c)

D : (i) - (d), (ii) - (b), (iii) - (a), (iv) - (b)

55 ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.
'പൌരസ്ത്യ വിമർശന സിദ്ധാന്തങ്ങളും പാശ്ചാത്യ വിമർശനസിദ്ധാന്തങ്ങളും വിരുദ്ധങ്ങളല്ലെന്ന് അറിഞ്ഞുകൊണ്ടു തന്നെ പറയാൻ കഴിഞ്ഞ ഒരാൾ' എന്ന് സുകുമാർ അഴീക്കോട് വിശേഷിപ്പിക്കുന്ന നിരൂപകനാര് ?

A : ഐ.സി. ചാക്കോ

B : പി.ശങ്കരൻനമ്പ്യാർ

C : കേസരി എ. ബാലകൃഷ്ണപ്പിള്ള

D : ഉള്ളൂർ എസ്. പരമേശ്വരയ്യർ

56 ജോസഫ് മുണ്ടശ്ശേരിയുടെ വിമർശനകൃതികളെ ആദ്യപ്രസിദ്ധീകരണ കാലത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തുക.
1. മാനദണ്ഡം
2. കാവ്യപീഠിക
3. നാടകാന്തം കവിത്വം
4. കാലത്തിന്റെ കണ്ണാടി

A : 2, 3, 4, 1

B : 2, 4, 3, 1

C : 2, 1, 4, 3

D : 4, 2, 3, 1

57 കെ.പി. അപ്പന്റെ വിമർശനകൃതികളെ ആദ്യപ്രസിദ്ധീകരണ വർഷത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തുക.
1. മാറുന്ന മലയാളനോവൽ
2. ക്ഷോഭിക്കുന്നവരുടെ സുവിശേഷം
3. കലഹവും വിശ്വാസവും
4. തിരസ്കാരം

A : 2 3 4 1

B : 2 4 3 1

C : 3 4 2 1

D : 3 4 1 2

58 ശരിയായ ഉത്തരം തെരഞ്ഞെടുക്കുക
'സീതയിലെ സീത' എന്ന കൃതിയെഴുതിയതാര് ?

A : എസ്. സുധീഷ്

B : എം.കെ. സാനു

C : തായാട്ട് ശങ്കരൻ

D : പി.ഗീത

59 റ്റി.എസ്. എലിയട്ടിന്റെ ദി വേസ്റ്റ് ലാൻഡ് എന്ന കൃതി മലയാള കവികളായ അയ്യപ്പപ്പണിക്കർ, സച്ചിദാനന്ദൻ, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരിലുണ്ടാക്കിയ സ്വാധീനതയെക്കുറിച്ച് അന്വേഷിക്കുന്ന 'തരിശുനിലത്തിലെ കാവ്യ സഞ്ചാരികൾ' എന്ന നിരൂപണകൃതിയാരുടേത് ?

A : കെ.വി.സജയ്

B : ജാൻസി ജെയിംസ്

C : വി.സി.ശ്രീജൻ

D : ടി.കെ. സന്തോഷ്കുമാർ

60 ആർ. നരേന്ദ്ര പ്രസാദിന്റെ സാഹിത്യ നിരൂപണങ്ങളിലെ വരേണ്യതയുടെ കാരണങ്ങൾ
1. ജനപ്രിയ സാഹിത്യത്തോടുള്ള അസഹിഷ്ണുത
2. ആധുനികതയിലെ തീവ്ര രാഷ്ട്രീയാഭിമുഖ്യമുള്ള കവിതകളോടുള്ള വിയോജിപ്പ്

3. ആധുനികതയുടെ അടിസ്ഥാന ഭാവുകത്വമായ നിഷേധത്തെ തിരിച്ചറിഞ്ഞില്ല
4. ആധുനികതയ്ക്കൊപ്പം മാർക്സിസ്റ്റ് നിരൂപണത്തിന്റെ സ്വാധീനവും അദ്ദേഹത്തിലുണ്ടായിരുന്നു

A : 1 2 ശരി 3 4 തെറ്റ്

B : 1 2 തെറ്റ് 3 4 ശരി

C : 1 2 3 തെറ്റ് 4 ശരി

D : 1 ശരി 2 3 4 തെറ്റ്

61 ശരിയുത്തരം തെരഞ്ഞെടുക്കുക
കാലശാസനകൾക്ക് കീഴടങ്ങാത്ത ഭാക്ഷായണി വേലായുധൻ എന്ന ജീവചരിത്ര കൃതിയുടെ കർത്താവാര് ?

A : മീര വേലായുധൻ

B : ചെറായി രാമദാസ്

C : കവിയൂർ മുരളി

D : പി.സനൽമോഹൻ

62 കാര്യം : പുതിയ ദൃശ്യസഞ്ചാരങ്ങളുടെ കാലത്തും എസ്. കെ. യുടെ സഞ്ചാരസാഹിത്യ കൃതികൾ ഏറെ പ്രസക്തമാണ്.
കാരണം : നിരീക്ഷണ നിപുണത, സൂക്ഷ്മദർശനം, സാഹിത്യാത്മകതയും ദൃശ്യവാങ്മയങ്ങളും എസ്.കെ.യുടെ രചനകളുടെ പ്രത്യേകതകളാണ്.

A : കാര്യവും കാരണവും ശരിയാണ്

B : കാര്യവും കാരണവും തെറ്റാണ്

C : കാര്യം മാത്രം ശരിയാണ്

D : കാര്യം ശരിയും കാരണം തെറ്റുമാണ്

63 ശരിയുത്തരം തെരെഞ്ഞെടുക്കുക
'വെബ്സൈറ്റ്' എന്ന കഥ രചിച്ചതാരാണ് ?

A : ജിസ്. ജോസ്

B : ചന്ദ്രമതി

C : രാജശ്രീ

D : സി.എസ്.ചന്ദ്രിക

64 താഴെക്കൊടുത്തിരിക്കുന്ന ആത്മകഥകളും രചയിതാക്കളും ക്രമപ്പെടുത്തുക.

| | | | |
|---|---|---|---|
| (i) | എന്റെ ആയുഷ്കാല അനുഭൂതികൾ | (a) | പവനൻ |
| (ii) | ഉദ്യോഗപർവ്വം | (b) | ലളിതാംബിക അന്തർജ്ജനം |
| (iii) | ആദ്യകാല സ്മരണകൾ | (c) | വിദ്വാൻ ടി.കെ. രാമൻ മേനോൻ |
| (iv) | ആത്മകഥയ്ക്ക് ഒരു ആമുഖം | (d) | തോട്ടം രാജശേഖരൻ |

A : (i) - (c), (ii) - (d), (iii) - (a), (iv) - (b)

B : (i) - (c), (ii) - (d), (iii) - (b), (iv) - (a)

C : (i) - (d), (ii) - (c), (iii) - (a), (iv) - (b)

D : (i) - (a), (ii) - (d), (iii) - (c), (iv) - (b)

65 ശരിയുത്തരം തെരഞ്ഞെടുക്കുക
ബാൾടിക് ഡയറി എഴുതിയതാര് ?

A : വിക്രമൻ നായർ

B : രവീന്ദ്രൻ

C : വി.ജി.തമ്പി

D : സന്തോഷ് ജോർജ് കുളങ്ങര

66 ചേരുംപടി ചേർക്കുക

| | ഗ്രന്ഥം | | എഴുത്തുകാരൻ |
|---|---|---|---|
| (i) | ഡി. ബാബുപോൾ | (a) | യൂറോപ്പിലൂടെ |
| (ii) | ഫാദർ വടക്കൻ | (b) | യൂറോപ്പിൽ |
| (iii) | ജി. നെടുങ്ങാട് | (c) | ഒരു യാത്രയുടെ ഓർമ്മകൾ |
| (iv) | ടി.പി. ഗോപാലകൃഷ്ണൻ | (d) | പടിഞ്ഞാറൻ പര്യടനം |

A : (i) - (d), (ii) - (c), (iii) - (b), (iv) - (a)

B : (i) - (c), (ii) - (d), (iii) - (a), (iv) - (b)

C : (i) - (d), (ii) - (c), (iii) - (a), (iv) - (b)

D : (i) - (a), (ii) - (d), (iii) - (b), (iv) - (c)

67 ഇംഗ്ലീഷ് കവിയായ സ്പെൻസറുടെ 'ഷെപ്പേർഡ്സ് കലണ്ടർ' എന്ന കാവ്യം മലയാളത്തിലെ ഒരു പ്രശസ്ത കാവ്യത്തിന് പ്രേരകമാണെന്നു പറയുന്നു - കവിതയേത് ?

A : മനസ്വിനി

B : സ്വരരാഗസുധ

C : രമണൻ

D : രക്തപുഷ്പങ്ങൾ

68 ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.
'വിസ്മരിക്കപ്പെട്ട വിപ്ലവകാരി' എന്ന പി.കെ.ബി. നായരുടെ ജീവചരിത്രം ആരെക്കുറിച്ചതാണ് ?

A : ചെമ്പകരാമൻപിള്ള

B : ജി.പി. പിള്ള

C : മുഹമ്മദ് അബ്ദു റഹ്മാൻ

D : വേലുത്തമ്പി ദളവ

69 ശരിയുത്തരം തെരഞ്ഞെടുക്കുക
എന്റെ നാടക സ്മരണകൾ ഏതു നാടകകൃത്ത് രചിച്ച ആത്മകഥയാണ് ?

A : പി.ജെ. ആന്റണി

B : എൻ. കൃഷ്ണപിള്ള

C : എൻ.എൻ.പിള്ള

D : സി.ജെ. തോമസ്

70 പാടി ഞാൻ നിന്നെയുറക്കു, മെന്നിട്ടു നിൻചൂടുള്ള രക്ത മൂറ്റിക്കുടിക്കും ! ചേർച്ച കണ്ടെത്തുക.

A : രക്തപുഷ്പങ്ങൾ - ചങ്ങമ്പുഴ

B : പാടുന്ന പിശാച് - ചങ്ങമ്പുഴ

C : മനസ്വിനി - ചങ്ങമ്പുഴ

D : ബാഷ്പാഞ്ജലി - ചങ്ങമ്പുഴ

71 താഴെപ്പറയുന്നവയിൽ വാക്യത്തിണങ്ങുന്ന പ്രസ്താവനയേത് ?
1. യുക്തിസഹവും പൂർണവുമായ ആഖ്യാതീകരണം
2. വ്യാകരണികവും ആർഥികവുമായ ഘടനയുള്ളത്
3. നിശ്ചയസൂചകവും ആശ്ചര്യവാചിയും ആയത്
4. കർത്തൃനിഷ്ഠം മാത്രമായിരിക്കുക

A : 1 മാത്രം ശരി

B : 3 മാത്രം ശരി

C : 3 ഉം 4 ഉം ശരി

D : 1 ഉം 2 ഉം ശരി

72 കാര്യവും കാരണവും പരിശോധിക്കുക
കാര്യം : ഒരു ധ്വനിയിൽ മറ്റൊരു ധ്വനി അരഞ്ഞു ചേരുന്നതാണ് സംസർഗ്ഗം
കാരണം : മൃദുക്കളോടു ഹകാരം ചേർന്നുണ്ടാകുന്ന ശ്വാസികളും ഖരങ്ങളോടു ഹകാരം ചേർന്നുണ്ടാകുന്ന നാദികളും സംസർഗ്ഗമാണ്.

A : കാര്യവും കാരണവും ശരി

B : കാര്യം മാത്രം ശരി

C : കാരണം മാത്രം ശരി

D : കാര്യവും കാരണവും തെറ്റ്

73 ഗണം ചേർത്തെഴുതുക

| | പദപ്രയോഗം | | കൃതി |
|---|---|---|---|
| (i) | തമിഴായക്കൊണ്ടറിയിക്കുന്നേൻ | (a) | രാമചരിതം |
| (ii) | തമിൾക്കവി വല്ലോർ | (b) | യോഗ പഞ്ചശതം |
| (iii) | തമിൾമണി സംസ്കൃതം പവഴം | (c) | ബ്രഹമാണ്ഡപുരാണം |
| (iv) | മത്തവിലാസം തമിൾ | (d) | മത്തവിലാസം |

പദപ്രയോഗത്തിനൊത്ത കൃതി കണ്ടെത്തുക.

A : (i) - (d), (ii) - (b), (iii) - (a), (iv) - (c)

B : (i) - (c), (ii) - (b), (iii) - (b), (iv) - (d)

C : (i) - (c), (ii) - (a), (iii) - (b), (iv) - (d)

D : (i) - (a), (ii) - (c), (iii) - (d), (iv) - (b)

74 ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (i) | സ്വഭാവം | (a) | നിയോജകം, അനുജ്ഞായകം |
| (ii) | പ്രകൃതി | (b) | കർത്തരി, കർമ്മണി |
| (iii) | പ്രയോഗം | (c) | കാരിതം, അകാരിതം |
| (iv) | പ്രകാരം | (d) | കേവലം, പ്രയോജകം |

A : (i) - (d), (ii) - (b), (iii) - (c), (iv) - (a)

B : (i) - (c), (ii) - (d), (iii) - (b), (iv) - (a)

C : (i) - (b), (ii) - (a), (iii) - (d), (iv) - (c)

D : (i) - (c), (ii) - (d), (iii) - (a), (iv) - (b)

75 ശരിയുത്തരം തെരഞ്ഞെടുക്കുക
താഴെപ്പറയുന്നവയിൽ നാമനിർമ്മായി തദ്ധിതത്തിൽ ഉൾപ്പെടുന്നത് ഏത് ?

A : തെക്കൻ

B : ആട്ടക്കാരൻ

C : മിടുക്കി

D : പാടുന്നവർ

76 ശരിയുത്തരം തെരഞ്ഞെടുക്കുക
ആറ്റൂർകൃഷ്ണപ്പിഷാരടി അവതരിപ്പിച്ച ഭാഷോത്പത്തി വാദം ഏത് ?

A : മലയാളം സ്വതന്ത്രഭാഷയാണ്

B : മലയാളം തമിഴിന്റെ പുത്രിയാണ്

C : മലയാളം സംസ്കൃതജന്യമാണ്

D : മൂലദ്രാവിഡഭാഷയുടെ സ്വതന്ത്രശാഖ

77 വ്യാകരണത്തിന്റെ നിർവചനം എന്ന നിലയിൽ ഭാഷാശാസ്ത്രപരമായി പരിഗണിക്കാവുന്നവ ഇവയിൽ ഏതൊക്കെ ?
1. വ്യാകരണപണ്ഡിതർ തയ്യാറാക്കുന്ന നിയമാവലി
2. ഭാഷ ഉപയോഗിക്കുന്ന എല്ലാവരും കൃത്യമായി പാലിക്കേണ്ട നിയമാവലി
3. ഭാഷണത്തെ അർഥഭേദത്തോടു ഘടിപ്പിക്കുന്ന വാക്യത്തിന്റെ ഘടകങ്ങൾ തമ്മിലുള്ള ബന്ധവ്യവസ്ഥ.
4. ഭാഷാപ്രയോഗം കേന്ദ്രീകരിച്ചുള്ള ജ്ഞാനവ്യവസ്ഥ

A : 1 മാത്രം ശരി

B : 3 ഉം 4 ഉം ശരി

C : 2 മാത്രം ശരി

D : 2 ഉം 4 ഉം ശരി

78 ശരിയുത്തരം തെരഞ്ഞടുത്തെടുക്കുക.
ബദ്ധരൂപിമത്തിന്റെ മറ്റൊരു പേരെന്ത് ?

A : സ്വതന്ത്രരൂപിമം

B : ഭാഗികരൂപിമം

| | |
|---|---|
| | C : ആശ്രിതരൂപിമം<br>D : ഏകരൂപിമം |
| 79 | ശരിയുത്തരം തെരഞ്ഞെടുക്കുക<br>ഉച്ചാരണത്തെക്കുറിച്ചുള്ള ഭാരതീയരായ സൂക്ഷ്മദർശനങ്ങളുടെ ആകരം ഏത് ?<br>A : ശിക്ഷ<br>B : പാഠം<br>C : അഭ്യാസം<br>D : വ്യാഖ്യാനം |
| 80 | തമിഴിൽ ലുപ്തപ്രചാരമായ പ്രയോഗങ്ങൾ മലയാളത്തിൽ പരിരക്ഷിച്ചു പോകുന്ന ഭാഷാ നയത്തിന് പറയുന്ന പേരെന്ത് ?<br>A : അനുനാസികാതി പ്രസരം<br>B : സ്വരസംവരണം<br>C : താലവ്യാദേശം<br>D : വിലോപസംഗ്രഹം |
| 81 | ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.<br>'സാധാരണീകൃത വിഭാവാദികൾ അഹംബോധ നിർമ്മുക്തമായ ആനന്ദം നൽകുന്നു' എന്ന അഭിനവഗുപ്തന്റെ ഉപദർശനത്തിന് പാശ്ചാത്യമനശ്ശാസ്ത്രത്തിലെ ഏത് സങ്കല്പത്തോടാണ് സമാനതയുള്ളത് ?<br>A : ഈഡിപ്പസ് കോംപ്ലെക്സ്<br>B : ആദിപ്രരൂപങ്ങൾ<br>C : സൂപ്പർ ഈഗോ<br>D : സഞ്ചിതാബോധം |
| 82 | ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക.<br>1. മൂന്നാം ലോക സംസ്കാരത്തിനുമേൽ പാശ്ചാത്യസംസ്കാരം അധീശത്വം സ്ഥാപിച്ചതെങ്ങനെ എന്ന് ആദ്യം അന്വേഷിച്ചവർ റെയ്മണ്ട് വില്യംസും ഫ്രാൻസ് ഫാനനുമാണ്.<br>2. മൂന്നാംലോക സംസ്കാരത്തിനുമേൽ പാശ്ചാത്യ സംസ്കാരം അധീശത്വം സ്ഥാപിച്ചതെങ്ങനെ എന്ന് ആദ്യം അന്വേഷിച്ചവർ ഫ്രാൻസ് ഫാനനും ആൽബർട്ട് മെമ്മിയുമാണ്.<br>3. ഇത്തരം ആദ്യകാല സമീപനങ്ങളിൽ നിന്നും ഒരു വ്യത്യാസവും പിന്നീടുവന്ന എഡ്വേർഡ് സെയ്ദിന്റെ സമീപനങ്ങൾക്കുണ്ടായിരുന്നില്ല.<br>4. സെയ്ദിന്റെ സമീപനം വസ്തുവാദപരമെന്നതിനെക്കാൾ വ്യവഹാരനിഷ്ഠമായിരുന്നു.<br>A : 1 ഉം 2 ഉം ശരി<br>B : 2 ഉം 3 ഉം ശരി<br>C : 2 ഉം 4 ഉം ശരി<br>D : 1 ഉം 4 ഉം ശരി |
| 83 | വസ്തുക്കൾക്കുള്ള സൂക്ഷമസ്വഭാവത്തെ വർണ്ണിക്കുന്ന അലങ്കാരം ?<br>A : തൽഗുണം |

B : സ്വഭാവോക്തി

C : സംഭാവന

D : അതൽഗുണം

84

പരിസ്ഥിതി സൌന്ദര്യ ശാസ്ത്ര കൃതികളും ഗ്രന്ഥകാരനും ചേരുംപടി ചേർക്കുക

| | കൃതി | | കർത്താവ് |
|---|---|---|---|
| (i) | പരിസ്ഥിതി സൌന്ദര്യ ശാസ്ത്രം | (a) | എം.എൻ. വിജയൻ |
| (ii) | ജൈവമനുഷ്യൻ | (b) | എം.എൻ. വിജയൻ |
| (iii) | വർണങ്ങളുടെ സംഗീതം | (c) | ടി.പി. സുകുമാരൻ |
| (iv) | സംസ്കാരവും സ്വാതന്ത്ര്യവും | (d) | ആനന്ദ് |

ശരിയായ ഗണം തെരഞ്ഞെടുക്കുക.

A : (i) - (c), (ii) - (d), (iii) - (a), (iv) - (b)

B : (i) - (d), (ii) - (c), (iii) - (b), (iv) - (a)

C : (i) - (a), (ii) - (b), (iii) - (c), (iv) - (d)

D : (i) - (b), (ii) - (a), (iii) - (d), (iv) - (a)

85

ശരിയായ ഉത്തരം തെരഞ്ഞെടുക്കുക
ഉത്തരാധുനികതയെക്കുറിച്ചുള്ള തന്റെ നിർവ്വചനത്തിൽ ഫ്രഡറിക് ജയിംസൺ ഉപയോഗിച്ച പിൽക്കാല മുതലാളിത്തം (late capitalism) എന്ന പ്രയോഗത്തിന്റെ ഉപജ്ഞാതാവാര് ?

A : ഗ്രാംഷി

B : അൽത്യൂസെർ

C : അഡോണോ

D : ഏണസ്റ്റ്മാൻഡെൽ

86

ഭാരതീയ സാഹിത്യമീമാംസാ ഗ്രന്ഥങ്ങളെ അവയുടെ കാലക്രമത്തിൽ അടുക്കുക.
1. കാവ്യാലങ്കാര സൂത്രവൃത്തി
2. വക്രോക്തിജീവിതം
3. കാവ്യാലങ്കാരം
4. ധ്വന്യാലോകം

A : 1, 3, 4, 2

B : 3, 1, 4, 2

C : 4, 2, 1, 3

D : 1, 4, 3, 2

87

ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.
അരിസ്റ്റോട്ടിൽ പറഞ്ഞ, ട്രാജഡിയുടെ ആറു ഘടകങ്ങളിൽ ഉൾപ്പെടാത്തതേത് ?

A : ഭാവന

B : ഇതിവൃത്തം

C : ജീവിതചിന്ത

D : ദൃശ്യസംവിധാനം

88

കാവ്യഗുണങ്ങളിൽ ചിലതിന്റെ വിശദീകരണത്തെ യോജിച്ചുവരുന്ന പേരിനോട് ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (i) | ഒറ്റക്കേഴ്‌വികൊണ്ട് ശബ്ദാർത്ഥങ്ങൾ മനസ്സിൽ പതിയുന്നു | (a) | ഉദാരത |
| (ii) | സുഖദവും സുശ്ലിഷ്ടസന്ധിയുമായ ശബ്ദങ്ങൾ ഉണ്ടായിരിക്കുക | (b) | ശ്ലേഷം |
| (iii) | പദങ്ങൾ നൃത്തം ചെയ്യുന്ന പ്രതീതി | (c) | സൌകുമാര്യം |
| (iv) | അർത്ഥം വ്യർത്ഥമാകാതിരിക്കുക | (d) | പ്രസാദം |
| | | (e) | സമത |

A : (i) - (d), (ii) - (a), (iii) - (c), (iv) - (e)

B : (i) - (b), (ii) - (a), (iii) - (e), (iv) - (d)

C : (i) - (d), (ii) - (c), (iii) - (a), (iv) - (e)

D : (i) - (e), (ii) - (a), (iii) - (d), (iv) - (c)

89

ടോൾസ്റ്റോയിയുടെ കൃതികളെപ്പറ്റി റഷ്യൻ വിപ്ലവത്തിന്റെ കണ്ണാടി എന്ന് ലെനിൻ വിശേഷിപ്പിച്ചത് മാർക്സിസ്റ്റ് സാഹിത്യ സമീപനത്തിന്റെ ഏത് മാതൃകയ്ക്ക് ഉദാഹരണമാണ് ?

A : ഉത്പാദനമാതൃക

B : പ്രതിഫലനമാതൃക

C : ഉത്പത്തിമാതൃക

D : എതിരറിവു മാതൃക

90

യുങ്ങിന്റെ കലാദർശനത്തെ അഭിനവ ഗുപ്തന്റെ സാഹിത്യവുമായി ബന്ധപ്പെടുത്തി പ്രബന്ധം എഴുതിയതാര്

A : ചാത്തനാത്ത് അച്യുതനുണ്ണി

B : എം. ലീലാവതി

C : വി.സി. ശ്രീജൻ

D : ടി. ശ്രീവത്സൻ

91

"വടക്ക് നീലഗിരികുന്നുകളും തെക്ക് ആനമലകുന്നുകളും ചേർന്ന് ഏകദേശം 30 കി.മീ. വീതിയിൽ 80 കി.മീ. ദൂരത്തിൽ കിഴക്ക് പടിഞ്ഞാറ് ദിശയിൽ ഇത് വ്യാപിക്കുന്നു."
- ഈ ഭൂരൂപസവിശേഷത (Gemorphological feature) എന്തിനെക്കുറിച്ചുള്ളതാണ് ?

A : ഭാരതപ്പുഴ

B : ബോഡിനായ്ക്കന്നൂർ ചുരം

C : പാലക്കാട് ചുരം

D : പെരിയാർ

92

"ഞാൻ ചോദിക്കട്ടെ, ഒരനാഥ പുനർവിവാഹത്തിന് ഒരുമ്പെടുകയാണെങ്കിൽ ആ ഭാഗ്യം കെട്ടവളെ കൈക്കൊള്ളാൻ നിങ്ങളിലാരെങ്കിലും തയ്യാറാണോ ?"
- 1932-ൽ തളിപ്പറമ്പിൽ സമ്മേളിച്ച നമ്പൂതിരി യുവജനസംഘത്തിന്റെ വേദിയിൽവച്ച് ഈ ചോദ്യം ഉയർത്തിയ നവോത്ഥാന നായികയാര് ?

A : ഇ.പി. ഉമാ അന്തർജനം

B : ആര്യാപള്ളം

C : ഇ.എസ്. സരസ്വതി

D : പാർവ്വതി നെൻമിനിമംഗലം

93

ചേരുംപടി ചേർക്കുക

| | സ്വാപനം | | വർഷം |
|---|---|---|---|
| (i) | കേരള സാഹിത്യ അക്കാദമി | (a) | 1945 |
| (ii) | കേരള സംഗീതനാടക അക്കാദമി | (b) | 1962 |
| (iii) | കേരള ലളിതകലാ അക്കാദമി | (c) | 1956 |
| (iv) | സാഹിത്യ പ്രവർത്തക സഹകരണ സംഘം | (d) | 1958D |

A : (i) - (d), (ii) - (b), (iii) - (c), (iv) - (a)

B : (i) - (c), (ii) - (d), (iii) - (b), (iv) - (a)

C : (i) - (b), (ii) - (c), (iii) - (a), (iv) - (d)

D : (i) - (a), (ii) - (c), (iii) - (b), (iv) - (d)

94

ചേരുംപടി ചേർക്കുക

| | A | | B |
|---|---|---|---|
| (i) | വെസ്റ്റേൺ സ്റ്റാർ | (a) | പൂവാടൻ രാമൻ വക്കീൽ |
| (ii) | സി.എം.എസ്. | (b) | അഗസ്റ്റസ് ഹിക്കി |
| (iii) | ബംഗാൾ ഗസറ്റ് | (c) | കോട്ടയം |
| (iv) | മലബാർ സ്പെക്ടേറ്റർ | (d) | ദേവ്ജി ഭീവ്ജി |

A : (i) - (d), (ii) - (c), (iii) - (b), (iv) - (a)

B : (i) - (c), (ii) - (d), (iii) - (a), (iv) - (b)

C : (i) - (d), (ii) - (c), (iii) - (a), (iv) - (b)

D : (i) - (b), (ii) - (a), (iii) - (c), (iv) - (d)

95

ശരിയുത്തരം തിരഞ്ഞെടുക്കുക സംഘകാലത്തെ കവയിത്രികളിൽ പെടാത്തതാര് ?

A : ആതിമന്തി

B : മാക്കോത

C : ആണ്ടാൾ

D : നച്ചെള്ളയാർ

96

സൂചനകൾ ഏതു കൃതിയെക്കുറിച്ചാണ് ?
1. ചെമ്പുതകിടിൽ കൈകൊണ്ടു കൊത്തിയുണ്ടാക്കിയ പ്ലേറ്റുകൾ ഉപയോഗിച്ചാണ് മുദ്രണം
2. ഈ ഗ്രന്ഥം മലയാളത്തിൽ നിന്ന് പോർട്ടുഗീസ് ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്തത് ഇമ്മാനുവൽ കാർ നൈറോ
3. ലാറ്റിൻ, മലയാളം, അറബിക്, കൊങ്കണി, എന്നീ ഭാഷകൾ ഉപയോഗിച്ചിരിക്കുന്നു.

A : ഹോർത്തൂസ് മലബാറിക്കൂസ്

B : മലബാർ മാന്വൽ

C : നേറ്റിവ് ലൈഫ് ഇൻ ട്രാവൻകൂർ

D : ഗുണ്ടർട്ട് നിഘണ്ടു

| | |
|---|---|
| 97 | ശരിയായ ഉത്തരം തിരഞ്ഞെടുക്കുക. രൂപത്തിലും ധർമ്മത്തിലും വ്യത്യാസമുള്ളതും മഹാശിലാസ്മാരകങ്ങളിൽ പെടാത്തതുമായ വസ്തു ?<br><br>A : തൊപ്പിക്കല്ല്<br><br>B : കുടക്കല്ല്<br><br>C : മുനിയറ<br><br>D : കുഴിവടി |
| 98 | പത്തു ചേരരാജാക്കന്മാരുടെ വീരാപദാനങ്ങൾ വർണിച്ചിരിക്കുന്ന സംഘം കൃതി ഏത് ?<br><br>A : പത്തുപ്പാട്ട്<br><br>B : ചിലപ്പതികാരം<br><br>C : പതിറ്റുപ്പത്ത്<br><br>D : മണിമേഖല |
| 99 | വടക്കൻ കേരളത്തിൽ തെയ്യം, തിറ എന്നീ പേരുകളിൽ അറിയപ്പെടുന്ന അനുഷ്ഠാന കല തെക്കൻ കേരളത്തിലറിയപ്പെടുന്നത് ________<br><br>A : മുടിയെടുപ്പ്<br><br>B : തിറയാട്ടം<br><br>C : കോലാട്ടം<br><br>D : കരിനീലിയാട്ടം |
| 100 | താഴെപ്പറയുന്നവയിൽ തെറ്റായ പ്രസ്താവന കണ്ടെത്തുക.<br><br>A : ചട്ടമ്പിസ്വാമികൾ ഹിന്ദുമതത്തിലെ അനാചാരങ്ങളെയല്ല, ഹിന്ദുമതത്തെത്തന്നെയാണ് ചോദ്യം ചെയ്തത്.<br><br>B : ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഒരു കൊടുങ്കാറ്റുപോലെ വീശിയടിച്ച സാമൂഹിക പരിഷ്ക്കരണത്തിന്റെ ചാലകശക്തി ചട്ടമ്പിസ്വാമികളുടെ ആശയങ്ങളായിരുന്നു.<br><br>C : ജാതിവ്യവസ്ഥ ഇല്ലാതാക്കാനായി ചട്ടമ്പി സ്വാമികൾ കണ്ടെത്തിയ മാർഗ്ഗം ഈഴവരും മറ്റ് അയിത്ത ജാതിക്കാരുമായി നിരന്തര സമ്പർക്കത്തിലേർപ്പെടുക എന്നതായിരുന്നു.<br><br>D : ചട്ടമ്പിസ്വാമികളും ശ്രീനാരായണ ഗുരുവും തമ്മിലുള്ള ആത്മീയ ബന്ധം കേരളത്തിലെ രണ്ടു പ്രബല സമുദായങ്ങളെ തമ്മിൽ കൂടുതലടുപ്പിച്ചു. |